ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) മലബാർ പ്രദേശത്തെ കൃഷിക്കാരെ ഒഴിപ്പിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് 24-1-1995-ൽ കോഴിക്കോട് കളക്ടറേറ്റിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. 1-1-1977 വരെ ഭൂമി വിലയ്ക്ക് വാങ്ങി കൃഷി ചെയ്തുവരുന്ന കർഷകരുടെ ഭൂമി മിച്ചഭൂമി കേസ്സിൽ ഉൾപ്പെട്ടുപോയതുമൂലം അവർക്ക് ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോലിയക്കോട് വില്ലേജിൽനിന്നും ഏറ്റെടുക്കുന്ന മിച്ചഭൂമി

26 [1588] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ കോലിയക്കോട് വില്ലേജിൽ പി. ജെ. തോമസ് എന്നയാളിൽ നിന്നും 17.79 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കണമെന്ന് 1977-ൽ ലാൻഡ് ബോർഡ് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) 17.79 ഏക്കർ മിച്ചഭൂമിയിൽ എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്;

(ഇ) സർക്കാർ ഏറ്റെടുത്ത ഭൂമി ആർക്കെങ്കിലും പതിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏക്കർ ഒന്നിന് എന്തു വിലയ്ക്കാണ് പ്രസ്തുത ഭൂമി പതിച്ചു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പിന്നീടുണ്ടായ ഹൈക്കോടതി വിധിയെ തുടർന്ന്, നെടുമങ്ങാട് താലൂക്ക് ലാൻറ് ബോർഡ് ഈ മിച്ചഭൂമി കേസ് പുനഃപരിശോധിക്കുകയും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 13.04 ഏക്കർ ഈ കേസ്സിൽ മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്.

(ഡി) 13.04 ഏക്കർ.

(ഇ) ഈ കേസ്സിൽ ഏറ്റെടുത്ത മിച്ചഭൂമി നാളിതുവരെ പതിച്ച് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly